5792

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- 2016 ലെ അംഗപരിമിതാവകാശ നിയമം-അംഗപരിമിതർക്കുള്ള തൊഴിൽ സംവരണം-അദ്ധ്യാപക തസ്തികകളിലെ അംഗപരിമിത സംവരണ ഉത്തരവിന് വ്യക്തത/സ്പഷ്ടീകരണം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(അച്ചടി)നം.5/2019/സാ.നീ.വ തീയതി തിരുവനന്തപുരം, 7.5.2019

---

പരാമർശം:- 1. സ.ഉ(അച്ചടി)നം.61/2012/സാ.നീ.വ തീയതി 17.10.2012
2. സ.ഉ(അച്ചടി)നം.1/2013/സാ.നീ.വ തീയതി 3.1.2013
3. സ.ഉ(അച്ചടി)നം.30/2013/സാ.നീ.വ തീയതി 4.14.2013
4. സ.ഉ(അച്ചടി)നം.20/2018/സാ.നീ.വ തീയതി 26.11.2018
5. എക്സ്പെർട്ട് കമ്മിറ്റിയുടെ 23.1.2019 ലെ യോഗത്തിന്റെ നടപടിക്കുറിപ്പ്
6. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 19.3.2019 ലെ AVIII(1)4068/03/GW/DY4 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം 1 പ്രകാരം താഴെ പറയുന്ന അദ്ധ്യാപക തസ്തികകൾ വിവിധ അംഗപരിമിത വിഭാഗങ്ങൾക്ക് അനുയോജ്യമായി കണ്ടെത്തിയിരുന്നു.

1. Higher Secondary School Teacher (Arts & commerce) - Locomotor Disability/Cerebral Palsy, Blindness, Low Vision

2. Higher Secondary School Teacher (Science) - Locomotor Disability/Cerebral Palsy, Blindness, Low Vision

3. Higher Secondary School Teacher Jr. (Arts & commerce) - Locomotor Disability/Cerebral Palsy, Blindness, Low Vision

4. Higher Secondary School Teacher Jr. (Science) - Locomotor Disability/Cerebral Palsy, Low Vision

5. Vocational Teacher / Vocational Instructor - Locomotor Disability/Cerebral Palsy, Low Vision, Hearing impairment

6. Non Vocational Teacher (Sr) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision

7. Non Vocational Teacher (Jr) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision

പരാമർശം 2 ലെ ഉത്തരവിൽ താഴെ പറയുന്ന അദ്ധ്യാപക തസ്തികകൾ അവയ്ക്കു നേരെ സൂചിപ്പിച്ചിട്ടുള്ള വിവിധ അംഗപരിമിത വിഭാഗങ്ങൾക്ക് അനുയോജ്യമായി കണ്ടെത്തി ഉത്തരവായിട്ടുണ്ട്.

1. Teachers (Primary) - Locomotor Disability/Cerebral Palsy, Low Vision

2. HSA (Languages and Social Studies ) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision, Blindness

3. Craft Teacher - Locomotor Disability/Cerebral Palsy, Low Vision

4. Music Teacher - Blindness / Low Vision

5. Part time instrumental music teacher - Blindness / Low Vision

6. High School Assistant (Science) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision

7. High School Assistant (Physical Science) - Locomotor Disability/Cerebral Palsy, Hearing Impairment

8. Teacher Grade II (Upper & Lower Primary School) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision

9. Teacher (Rattan workers - Higher Secondary School ) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision

10. Teacher (Drawing-cum-Needle work- Upper & Lower primary School - Locomotor Disability/Cerebral Palsy, Hearing Impairment.

11. LPSA/UPSA - Locomotor Disability/Cerebral Palsy, Low Vision , Blindness

പരാമർശം 3 ലെ ഉത്തരവ് പ്രകാരം താഴെ പറയുന്ന അദ്ധ്യാപക തസ്തികകൾ അവയ്ക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള വിവിധ അംഗപരിമിത വിഭാഗങ്ങൾക്ക് അനുയോജ്യമായി കണ്ടെത്തി ഉത്തരവായിട്ടുണ്ട്.

1. High School Assistant (Physical Science) - Locomotor Disability/Cerebral Palsy, Hearing Impairment, Low Vision

2. High School Assistant / UPSA Urdu - Locomotor Disability/Cerebral Palsy, Low Vision

പരാമർശം 4 ലെ ഉത്തരവ് പ്രകാരം എല്ലാ അദ്ധ്യാപക തസ്തികകളും ഇതുവരെ സംവരണം അനുവദിക്കാതിരുന്ന ലോ വിഷൻ, ഹിയറിങ് ഇമ്പയർമെന്റ് വിഭാഗങ്ങൾക്ക് അനുയോജ്യമായി കണ്ടെത്തി ഉത്തരവായിട്ടുണ്ട്.

ടി ഉത്തരവിൽ എല്ലാ അദ്ധ്യാപക തസ്തികകളിലും ലോ വിഷൻ, ഹിയറിങ് ഇമ്പയർമെൻറ് വിഭാഗങ്ങൾക്കായി പരിമിതപ്പെടുത്തിയിട്ടുണ്ടോയെന്ന സംശയമുളവാക്കുന്നുവെന്നും വിവിധ അദ്ധ്യാപക തസ്തികകളുടെ നിയമന നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണെന്നും അതിനാൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, തുടങ്ങി വിവിധ വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ അദ്ധ്യാപക തസ്തികകൾ , പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള LPSA , UPSA , HSA , Junior Language Teacher തുടങ്ങിയവർക്കായുള്ള ഭിന്ന ശേഷി സംവരണം സംബന്ധിച്ചും ഏതൊക്കെ തസ്തികകളിൽ ഏതൊക്കെ ഭിന്നശേഷിക്കാർ അനുയോജ്യരാണെന്ന സൂചിപ്പിച്ചുകൊണ്ടുമുള്ള ഏകീകൃതവും വ്യക്തവുമായ സർക്കാർ ഉത്തരവ് ലഭ്യമാക്കുവാൻ പരാമർശം 6 പ്രകാരം പി.എസ്.സി ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശിച്ച 1, 2, 3 ഉത്തരവുകളെല്ലാം നിലനിൽക്കുന്നതിനോടൊപ്പമാണ് പരാമർശം 4 ഉത്തരവ് പുറപ്പെടുവിച്ചത്. അതിനാൽ പരാമർശം 4 ഉത്തരവിനോടൊപ്പം പരാമർശം 1, 2, 3 ഉത്തരവുകളും നിലനിൽക്കുന്നതാണ് എന്ന് വ്യക്തമാക്കിക്കൊണ്ടും എല്ലാ അദ്ധ്യാപക തസ്തികകളും യോഗ്യത കോഴ്സിന് പ്രവേശനമുള്ള എല്ലാ അംഗപരിമിത വിഭാഗങ്ങൾക്കും (Low vision/Blindness, Hearing impairment, Locomotor disability/cerebral palsy)അനുയോജ്യമാണെന്ന് സ്പഷ്ടീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഓരോ അദ്ധ്യാപക തസ്തികയിലേയും യോഗ്യത കോഴ്സിലേയ്ക്ക് ഏതൊക്കെ വിഭാഗം അംഗപരിമിതർക്ക് പ്രവേശനം അനുവദിച്ചിട്ടുണ്ടെന്ന വിഷയം, ടി തസ്തികയിലേയ്ക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനു മുൻപ് നിയമനാധികാരിയുമായി കൂടിയാലോചിച്ച് പി.എസ്.സി ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
കമ്മീഷണർ, അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, പൂജപ്പുര, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഹയർ സെക്കന്ററി, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ